പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6206 — 20/11/2019 ൽ മറുപടിക്ക്

## കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ

**ചോദ്യം**
ശ്രീ.എ.പി. അനിൽ കുമാർ

**മറുപടി**
അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി).

| | | | |
|---|---|---|---|
| എ) | സംസ്ഥാനത്ത് സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് ഇൻഷുറൻസ് പരിരക്ഷ നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതി പ്രകാരം ഇതിനകം എത്ര കന്നുകാലികളെ ഇൻഷ്വർ ചെയ്തു; വ്യക്തമാക്കുമോ; | എ) | ഉണ്ട്.<br>ഉരുക്കളുടെ മരണത്തിനും , ഉത്പാദനക്ഷമതാ നഷ്ടത്തിനുമുള്ള പരിരക്ഷ ഉറപ്പാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതികൾ മൃഗസംരക്ഷണ വകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്നു. 2017-18 സാമ്പത്തിക വർഷം മുതൽ ആരംഭിച്ച പദ്ധതി മൂന്നാം വർഷത്തിൽ എത്തി നിൽക്കുന്നു. ഇതിൽ ജനറൽ വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 50% വും എസ്.സി/എസ്.ടി വിഭാഗത്തിലുള്ള കർഷകർക്ക് പ്രീമിയം തുകയുടെ 70% വും സർക്കാർ സബ്സിഡിയായി നൽകുന്നു.<br>2017-18 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ ധനസഹായത്തോടെ എൻ.എൽ.എം എന്ന പദ്ധതിയും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് ഗോസമൃദ്ധി 2017-18 എന്ന പദ്ധതിയും സംസ്ഥാനത്ത് നടപ്പിലാക്കി. ടി പദ്ധതികളിൽ ഉരുവിന്റെ പ്രീമിയം നിരക്ക് 1 വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 3% ആയിരുന്നു.<br>2018-19 സാമ്പത്തിക വർഷം കേന്ദ്രസംസ്ഥാന സർക്കാരുടെ ധനസഹായത്തോടെ നടപ്പിലാക്കിയ പദ്ധതികളാണ് എൻ.എൽ.എം പ്ലസ് 2017-18, ഗോസമൃദ്ധി പ്ലസ് 2018-19 പദ്ധതികൾ. പദ്ധതിയിൽ ഉരുവിനും ഉരുവിന്റെ ഉടമയായ കർഷകനും ഇൻഷുറൻസ് പരിരക്ഷ ഉറപ്പാക്കുന്നു. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.8% വും, മൂന്ന് വർഷത്തേക്ക് 6.54% വും ആയിരുന്നു പ്രീമിയം നിരക്ക്.<br>2019-20 സാമ്പത്തിക വർഷം കേന്ദ്രസർക്കാരിന്റെ 66.7 ലക്ഷം രൂപയും സംസ്ഥാന സർക്കാരിന്റെ 5 കോടി രൂപയും വകയിരുത്തി നടപ്പിലാക്കുന്ന ഗോസമൃദ്ധി - എൻ.എൽ.എം 2019 -20 എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഒരു വർഷത്തേക്ക് ഉരുവിന്റെ മതിപ്പുവിലയുടെ 2.15% വും മൂന്ന് വർഷത്തേക്ക് 5.419% വും ആണ് പ്രീമിയം നിരക്ക്.<br>സങ്കര ഇനത്തിലുള്ള കന്നുകാലികൾക്ക് പ്രാധാന്യം നൽകികൊണ്ടുള്ള പദ്ധതിയാണിത്. 1 ലക്ഷം രൂപ വരെ മതിപ്പു വിലയുള്ള സങ്കരയിനം ഉരുവിനു ഇതേ പ്രീമിയം |

| | | | |
|---|---|---|---|
| | | | നിരക്കിൽ ഇൻഷ്വർ ചെയ്യാമെന്നുള്ളത് ഈ പദ്ധതിയുടെ നേട്ടമാണ്. ₹65,000 രൂപക്ക് മുകളിലുള്ള സങ്കരയിനം ഉരുവിന്റെ പ്രീമിയം പൂർണ്ണമായും ഗുണഭോക്തൃ വിഹിതമാണ്.<br>മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികൾ മുഖാന്തിരം 2017-18 മുതൽ നാളിതുവരെ 1,31,389 ഉരുക്കളെ ഇൻഷ്വർ ചെയ്തിട്ടുണ്ട്. |
| ബി) | പ്രകൃതി ദുരന്തം മൂലവും മറ്റും നഷ്ടം സംഭവിക്കുന്ന ക്ഷീരകർഷകർക്ക് കന്നുകാലി ഒന്നിന് പരമാവധി എന്ത് തുകയാണ് ഇൻഷ്വറൻസ് പരിരക്ഷയിലൂടെ ലഭിക്കുന്നതെന്നും പരമാവധി എത്ര കന്നുകാലികൾക്കാണ് ഇൻഷ്വറൻസ് തുക ലഭിക്കുന്നതെന്നും അറിയിക്കാമോ? | ബി) | ഇൻഷ്വർ ചെയ്തിട്ടുള്ള എല്ലാ കന്നുകാലികൾക്കും പ്രകൃതി ദുരന്തം മൂലവും, മറ്റ് അപകടം മൂലവും ഉണ്ടാകുന്ന മരണത്തിന് അവയെ ഇൻഷ്വർ ചെയ്തിരിക്കുന്ന തുക ക്ലെയിം തുകയായി (claim amount) ലഭ്യമാകുന്നതാണ്.<br>ഇൻഷ്വർ ചെയ്തിട്ടുള്ള എല്ലാ കന്നുകാലികൾക്കും പരമാവധി എണ്ണം എന്ന പരിധിയില്ലാതെ പ്രകൃതി ദുരന്തം മൂലമോ അല്ലാതെയോ ആകസ്മിക മരണം സംഭവിച്ചാൽ ഉടമയായ കർഷകന് ഇൻഷ്വറൻസ് തുക ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ